നം. ബി. 1645/2018

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട് - 673 017
ഫോൺ നമ്പർ - 0495 2356805
ഫാക്സ് നമ്പർ - 0495 2357329
ഇ-മെയിൽ- kirtads@kerala.gov.in

തീയതി: 03/09/2018.

## പത്രക്കുറിപ്പ്

കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന കിർടാഡ്സ് വകുപ്പിൽ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് ലഭിക്കുന്നതിന് നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

1. വിദ്യാഭ്യാസ യോഗ്യത: ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ആന്ത്രോപോളജി, സോഷ്യോളജി, ഇക്കണോമിക്സ്, നിയമം, ലിംഗ്വിസ്റ്റിക്സ് എന്നിവയിൽ ഏതെങ്കിലും വിഷയത്തിൽ കുറഞ്ഞത് രണ്ടാം ക്ലാസ്സോടെ ലഭിച്ച മാസ്റ്റർ ബിരുദം.

   പട്ടികവിഭാഗ മേഖലയിലെ ഗവേഷണ പരിചയത്തിന് മുൻഗണന ലഭിക്കുന്നതാണ്.

2. ഫെല്ലോഷിപ്പുകളുടെ എണ്ണം : 6

3. പ്രതിഫലം : റിസർച്ച് ഫെല്ലോഷിപ്പ് ലഭിക്കുന്നവർക്ക് മാസത്തിൽ 10,000/- രൂപ ഫെല്ലോഷിപ്പ് തുകയും 2,000/- രൂപ H.R.A യും നൽകുന്നതാണ്.

4. ഫെല്ലോഷിപ്പുകളുടെ കാലാവധി: 1 വർഷം

5. പ്രായപരിധി : അപേക്ഷകർ 01.01.2018 ന് 30 വയസ്സിൽ കൂടുവാൻ പാടില്ലാത്തതാണ്. പട്ടിക പിന്നോക്ക വിഭാഗക്കാർക്ക് പ്രായപരിധിയിൽ നിയമാനുസൃത ഇളവ് ലഭിക്കുന്നതാണ്.

6. അപേക്ഷ അയക്കേണ്ട വിധം :

   പേര്, സ്ഥിരമായ മേൽവിലാസം, ഇപ്പോഴത്തെ മേൽവിലാസം, വിദ്യാഭ്യാസ യോഗ്യതകൾ, സമുദായം, വയസ്സ്, ഗവേഷണ പരിചയം എന്നിവ കാണിച്ചുകൊണ്ട് വെള്ള കടലാസ്സിൽ ടൈപ്പ് ചെയ്തതോ സ്വന്തം കൈയ്യക്ഷരത്തിൽ എഴുതിയതോ ആയ അപേക്ഷകൾ ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ആമുഖ കത്തു സഹിതം ഡയറക്ടർ, കിർടാഡ്സ് ചേവായൂർ പി.ഒ, കോഴിക്കോട്, പിൻ: 673017 എന്ന വിലാസത്തിൽ 24.09.2018 -ാം തീയതി വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്.

ഒപ്പ്/-
ഡയറക്ടർ

ഡയറക്ടർക്കുവേണ്ടി

1. ഡയറക്ടർ
   ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ്
   തിരുവനന്തപുരം (ആവരണ കത്തു സഹിതം)
2. നോട്ടീസ് ബോർഡ്
3. ആഫീസ് പകർപ്പ്
4. കരുതൽ ഫയൽ